# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

29.11.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *35

## നിക്ഷേപ സൗഹൃദ സംസ്ഥാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി**<br>**ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ.വി. അബ്ദുറഹിമാൻ**<br>**ശ്രീ.പി.കെ. ശശി :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിത്തീർക്കുന്നതിന് ഈ സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതികളും സൗകര്യങ്ങളും അതിവേഗത്തിലും അനായാസമായും ലഭ്യമാക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് നിയമങ്ങൾ (ആക്ട്) ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഏകീകൃത ആക്ട് "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018" നിലവിൽ വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതികൾ ലഭിക്കുന്നതിന് ഏകജാലക ഓൺലൈൻ സംവിധാനം, സെൽഫ് സർട്ടിഫിക്കേഷൻ, Deemed Approval, എന്നിവയും നിലവിൽ വന്നിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form – CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ സംവിധാനം(K-SWIFT) വഴി ലഭ്യമാക്കുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and |
| (ബി) | ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നിന്ന് ഉല്പാദക സംസ്ഥാനമാക്കി കേരളത്തെ മാറ്റാനായി വ്യവസായ വികസനത്തിന് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വാണിജ്യ സൗഹൃദ സാഹചര്യം സൃഷ്ടിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണുള്ളത്; | | |

| | | | |
|---|---|---|---|
| | | | Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ ആവശ്യമായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടതാണ് പ്രസ്തുത സെൽ.<br><br>ഭൂമി ദൗർലഭ്യം നേരിടുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ട് വരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഡി.ഐ.സിയുടേയും, കെ.എസ്.ഐ.ഡി.സി യുടേയും കിൻഫ്രയുടേയും വ്യവസായ പാർക്ക് / ഏരിയകളിൽ വേഗത്തിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വ്യവസായ യൂണിറ്റുകളെ അധിവസിപ്പിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികൾ ഉണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും 'Investor's meet' സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയവ നടത്തിവരുന്നുണ്ട്. നിക്ഷേപകരുടെ മേളകളിൽ MSME ഉൽപ്പന്ന വിപണന മേളകൾ മെഷിനറി എക്സിബിഷൻ തുടങ്ങിവയും ബ്ലോക്ക് / താലൂക്ക് /മുനിസിപ്പാലിറ്റി/ ജില്ലാ തലങ്ങളിൽ നടത്തി വരുന്നുണ്ട്. |
| **(സി)** | വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി ഈ സർക്കാർ പ്രഖ്യാപിച്ച കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ വിശദാംശവും പദ്ധതിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; | **(സി)** | കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക്ക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. തുടർന്ന്, വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT) ന് പ്രസ്തുത പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. ഇത് സംബന്ധിച്ച് വിദഗ്ദ്ധ ഏജൻസി തയ്യാറാക്കിയ പദ്ധതിയുടെ പ്രാഥമിക രൂപരേഖയും ഒരു കാലഘട്ടത്തിലേക്കുള്ള പദ്ധതി കാഴ്ചപ്പാടും അടങ്ങിയ റിപ്പോർട്ട് (NICDIT)ന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വിശദപഠനത്തിനും അനുമതികൾക്കും ശേഷം പദ്ധതി പൂർത്തീകരണവും ഇതിലേക്കാവശ്യമായ കർമ്മപദ്ധതിയും സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നതാണ്. |
| **(ഡി)** | നിയമം പാലിച്ചുകൊണ്ട് വ്യവസായം തുടങ്ങുന്നതിന് വേണ്ടി വരുന്ന കാലതാമസം കുറയ്ക്കുന്നതിനായി നടത്തിയ ഇടപെടൽ കാര്യക്ഷമമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | **(ഡി)** | ഏകജാലക ഓൺലൈൻ സംവിധാന (KSWIFT) സംബന്ധിച്ചുള്ള ട്രയൽ നടത്തിയതിൽ നിന്നും സമയപരിധിക്കുള്ളിൽ തന്നെ ആവശ്യമായ ലൈസൻസുകളും അനുമതികളും ലഭ്യമാകുമെന്ന് വിലയിരുത്തുകയുണ്ടായി. ഏകജാലക ഓൺലൈൻ സംവിധാനമായ (KSWIFT)ന്റെ ഔദ്യോഗിക ലോഞ്ചിങ് 08.01.2019 ൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. ഇതിനോട് അനുബന്ധിച്ച് അസന്റ് -2019 (ASCEND-2019) എന്ന പേരിൽ വ്യവസായികളും, നിക്ഷേപകരും, വ്യവസായ വാണിജ്യ മേഖലയിലെ പ്രതിനിധികളും, പ്രമുഖ ഉദ്യോഗസ്ഥരും, മാധ്യമരംഗത്തെ പ്രമുഖരും പങ്കെടുക്കുന്ന ഒരു ആശയ വിനിമയ സെഷനും നടത്തുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ